നൊമ്പരമായി ഒരു മഴക്കാലം

ഹാജറ എൻ.കെ.എം *(എ. എം. യു.പി സ്കൂൾ, പുത്തൂർ പള്ളിക്കൽ)*

അച്ഛനമ്മമാരോടുള്ളതിനേക്കാൾ എത്രയോ വലുതാകാറുണ്ട് കുട്ടികൾക്ക് ചിലപ്പോൾ അധ്യാപകരോടുള്ള ബന്ധം. പുതിയ വർഷം, അഞ്ചാംക്ലാസിലെ കുഞ്ഞുമക്കളുടെ മുന്നിൽ ടീച്ചറുടെ റോളിൽ നിൽക്കുമ്പോൾ അവധിക്കാലം അവസാനിച്ചതിന്റെ സങ്കടത്തേക്കാൾ വീണ്ടും കൂട്ടുകാരോടൊപ്പം ഒത്തുകൂടിയതിന്റെ അഹ്ലാദമായിരുന്നു എന്റെ കൺമുന്നിലെ കുരുന്നുമുഖങ്ങളിലെല്ലാം. ആദ്യദിനത്തിൽതന്നെ അതുവരെ പരിചയമില്ലാത്ത മക്കളുടെ ഊരുംപേരും ഞാൻ ചോദിച്ചറിഞ്ഞു.

അന്നുതന്നെ മറ്റു കുട്ടികളിൽനിന്ന് വ്യത്യസ്തനായിക്കണ്ട ഫായിസിനെ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അവന്റെ പെരുമാറ്റത്തിൽ ബുദ്ധിക്കുറവുണ്ടെന്ന് മനസ്സിലാക്കിയപ്പോൾ കൂടുതൽ സ്നേഹവും പരിഗണനയും അടുപ്പവും കാണിച്ചു. സാധാരണകുട്ടികളെപ്പോലെത്തന്നെയാണ് താനെന്ന് അവനെ ബോധ്യപ്പെടുത്താൻ ശ്രമിച്ചു.

കലണ്ടറിലെ ദിവസങ്ങൾ തൊട്ടടുത്ത കള്ളികളിലേക്ക് മാറിക്കൊണ്ടിരിക്കെ ടെക്സ്റ്റു ബുക്കിന്റെ കള്ളികളും മറിഞ്ഞുകൊണ്ടിരുന്നു. പക്ഷേ അതിനൊന്നും ഫായിസിന്റെ മുന്നിൽ സ്ഥാനമുണ്ടായിരുന്നില്ല. ഒരിക്കൽ സ്റ്റാഫ് റൂമിൽ നിന്ന് ഫായിസിനെ പൊറുപ്പിക്കാൻ വേറെത്തന്നെ പഠിക്കണമെന്ന് ആരോ അഭിപ്രായപ്പെട്ടപ്പോൾ എനിക്ക് അത്ഭുതം തോന്നി. അവന്റെ ഇഷ്ടത്തിനനുസരിച്ച് നീങ്ങുകയാണെങ്കിൽ എല്ലാവരേക്കാളും മിടുക്കനാകുമവൻ.

ഒരുദിവസം പതിവുപോലെ ക്ലാസിൽ ചെന്ന് പാഠഭാഗങ്ങൾ എടുത്തുതുടങ്ങുംമുമ്പ്, 'ടീച്ചറേ' എന്ന വിളികേട്ട് തിരിഞ്ഞുനോക്കിയപ്പോൾ ഫായിസ് എഴുന്നേറ്റ് നിൽക്കുന്നു.

'എന്താ മോനെ?'

'ടീച്ചറേ, എനിക്ക് എന്തെങ്കിലും ആവണം.'

അത്ഭുതത്തോടെ അവന്റെ മുഖത്തേക്ക് തന്നെ നോക്കിയപ്പോൾ അവൻ തുടർന്നു.

'വല്യ ആൾക്കാരെ പോലെ.'

'പിന്നെന്താ, മോന് എത്രയോ വലിയ ആളാകാലോ. അതിന് നന്നായി പഠിക്കണം. കൂടുതൽ വായിക്കണം.'

ഞാൻ അവനോട് പറഞ്ഞു.

എന്റെ മുഖത്ത് നോക്കിനിന്ന് പിന്നെ പുറത്തേക്ക് നോക്കി കുറേ ആലോചിച്ച ശേഷം അവൻ സീറ്റിലിരുന്നു. അന്നു മുഴുവൻ അവൻ വലിയ സന്തോഷത്തിലായിരുന്നു. തനിക്ക് വലിയ ആളായി എന്തൊക്കെയേ ചെയ്യാനുള്ള ആഗ്രഹം പുത്തൻ ഉണർവ് അവനു നൽകിയപോലെ.

അന്നു രാത്രി നന്നായി മഴ പെയ്തു. തോരാത്ത മഴയിൽ തോടും പുഴകളും കവിഞ്ഞൊഴുകി. സ്കൂളുകൾക്ക് അവധിയായിരുന്നു.

വല്യ ആളാകാൻ, നന്നായി പഠിക്കാൻ– നാളെ മുതൽ പുതിയ ഉന്മേഷത്തോടെ സ്കൂളിൽ പോകാൻ ഉറച്ച ഫായിസിന് മഴയോട് ആദ്യം വെറുപ്പുതോന്നി. എന്നാൽ ദ്വീപുപോലെ ഗ്രാമഭംഗി കാണാമെന്നതിനാൽ അത് സന്തോഷത്തിനു വഴിമാറി. പുറത്തേക്ക് ഒറ്റക്കിറങ്ങാനിരുന്ന ഫായിസിനെ വിലക്കിക്കൊണ്ട് ഉമ്മ ഡിഗ്രിക്ക് പഠിക്കുകയായിരുന്ന സഹോദരനെയും കൂടെ വിട്ടു. അവരുടെ ബൈക്ക് കുറച്ചു ദൂരം പോയി. വണ്ടി നിർത്തി ചുറ്റുമുള്ള വെള്ളത്തിന്റെ ഭാഗങ്ങൾ മനസ്സുനിറയെ കണ്ടു.

കാലിലെ ചെളി കഴുകാൻ ഉടനെ വഴിവക്കിലെ വെള്ളത്തിലേക്ക് കാലുനീട്ടുന്നതിനു മുമ്പേ ഇക്കാക്ക അവനോടു പറഞ്ഞു:

'മോൻ അനങ്ങാതെ ഇവിടെത്തന്നെ നിൽക്കണെ'

എന്നാൽ കാലു കഴുകി സഹോദരൻ തിരിച്ചെത്തിയപ്പോൾ ഫായിസിനെ കാണാനില്ലായിരുന്നു. ഉറക്കെ വിളിച്ചെങ്കിലും ഉത്തരം ഉണ്ടായിരുന്നില്ല. ചുറ്റും ഉയർന്നു പൊങ്ങിയ വെള്ളം ചോദ്യചിഹ്നംപോലെ പരന്നു കിടന്നു.

നാട്ടുകാരും ഫയർഫോഴ്സും ഒക്കെ തിരഞ്ഞിട്ടും അവനെ കണ്ടെത്താനായില്ല. മൂന്നാം ദിവസം അവൻ നിന്നിരുന്ന സ്ഥലത്തിനു തൊട്ടുതാഴെയുള്ള പൊന്തക്കാടിൽ വെള്ളത്തിൽ മുങ്ങിക്കിടന്ന് ചീഞ്ഞ് വീർത്തുപോയ അവന്റെ കുഞ്ഞുശരീരം കണ്ടുകിട്ടി.

വിവരമറിഞ്ഞ് വീട്ടിലെത്തിയ ഉടനെ അവന്റെ ഉമ്മ എന്നെ കെട്ടിപ്പിടിച്ച് പറഞ്ഞു:

'സ്കൂൾ വിട്ടുവന്ന അന്നു മുതലേ വലിയ സന്തോഷത്തിലായിരുന്നു. ടീച്ചർ അവനു വലിയ ആളാകാൻ പറ്റുമെന്ന് പറഞ്ഞത് മനസ്സിലിട്ട് കിലുക്കികിലുക്കി കൊണ്ടുനടക്കുകയായിരുന്നു അവൻ. എന്നിട്ടിപ്പോ...'

അവസാനത്തെ ഒരു നോക്കുപോലും ആർക്കും കാണാനായില്ല. എല്ലാ ചുണ്ടുകളും അവനുവേണ്ടി പ്രാർത്ഥിക്കുക മാത്രം ചെയ്തു. ആ പൊന്നുടലിനെ ഒരു നൊമ്പരമായി മനസ്സിലും വെള്ളം നിറഞ്ഞ പാടത്തുമെല്ലാം എന്നും ഈ മഴക്കാലത്തും എനിക്ക് കാണാൻ കഴിയുന്നു.